LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ കടം

159 (225) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ ഇതുവരെ കടം എടുത്തു എന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തിന്റെ ആളോഹരി കടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ലോകബാങ്ക്, എ.ഡി.ബി. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എടുത്ത ലോണുകളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇത്തരം സ്ഥാപനങ്ങളിൽ നിന്നും കടം എടുക്കുന്നത് സംബന്ധിച്ച് ഈ സർക്കാരിന്റെ നയം എന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത ലോണുകളുടെ പലിശ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006-07 മുതൽ 2010-11 ഒക്ടോബർ 31 വരെയുള്ള താത്കാലിക കണക്കുകൾ പ്രകാരം 25529.21 കോടി രൂപ സർക്കാർ കടം എടുത്തിട്ടുണ്ട്.

(ബി) 2009-ലെ ജനസംഖ്യയുടേയും 2009-10-ലെ അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകളുടേയും അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ആളോഹരി കടം 20,430 രൂപയാണ് (2001 സെൻസസിന്റെ അടിസ്ഥാനത്തിൽ ആളോഹരി കടം 32,288.43 രൂപയാണ്).

(സി) ലോകബാങ്ക്, എ.ഡി.ബി. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും എടുത്ത, ഇപ്പോൾ നിലവിലുള്ള ലോണുകളുടെ വിശദാംശം അനുബന്ധം 1-ൽ നൽകിയിട്ടുണ്ട്.*

(ഡി) പശ്ചാത്തല സൗകര്യവികസനത്തിനും അതിലൂടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുതകുന്നതും, സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ ഹനിക്കാത്ത രീതിയിലുള്ളതുമായ വായ്പകൾ സ്വീകരിക്കുന്നതാണ് സർക്കാരിന്റെ നയം.

(ഇ) മുൻകാലങ്ങളിൽ വിദേശ ഏജൻസികളിൽ നിന്നും വായ്പ കേന്ദ്ര സർക്കാർവഴി ലഭിക്കുമ്പോൾ, അത് 70% വായ്പ 30% ഗ്രാന്റ് എന്ന അനുപാതത്തിലാണ് ലഭിച്ചിരുന്നത്. ടി വായ്പയ്ക്ക് 9% പലിശ നൽകണം. വായ്പ 'Back to Back' രീതിയിൽ ലഭിക്കുമ്പോൾ വായ്പ നൽകുന്ന സ്ഥാപനം നിഷ്കർഷിക്കുന്ന 'വേരിയബിൾ റേറ്റ്' ലാണ് പലിശ നൽകേണ്ടത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.